പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 577

28.02.2017 ൽ മറുപടിക്ക്

## സർക്കാരിന്റെ ഖനന നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. അബ്ദുൾ ഹമീദ്. പി | ശ്രീ. എ.സി. മൊയ്തീൻ<br>(ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ഖനന പ്രവർത്തനങ്ങളുടെ കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | (എ) കേരളത്തിലെ ഖനിജങ്ങൾ പ്രത്യേകിച്ച് സർക്കാർ പുറമ്പോക്ക് ഭൂമിയിലെ ധാതുക്കൾ പൊതു ഉടമസ്ഥതയിലാക്കുവാനുള്ള സാധ്യതകൾ വിലയിരുത്തി ഖനനം ശക്തമായ സാമൂഹ്യ നിയന്ത്രണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരും. ആവശ്യമായ പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തി ആസൂത്രിതമായി സമഗ്ര വീക്ഷണത്തോടുകൂടി കടൽത്തീരത്തെ കരിമണൽ ഖനനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും. റിസർവോയറിലെ മണൽ വാരൽ പ്രോത്സാഹിപ്പിക്കും. പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തും. ഒരു നാച്ചറൽ റിസോഴ്സ് കോർപ്പറേഷൻ രൂപീകരിക്കുന്നതിനായുള്ള സാദ്ധ്യത പരിശോധിക്കും. നദീതട മണലിന്റെ അമിതമായ ചൂഷണം ഒഴിവാക്കുന്നതിനായി ശേഷി പഠനവും നിയന്ത്രണവും കൊണ്ടുവരും. കേരള നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ പെടാത്ത സ്ഥലങ്ങളിലെ കളിമൺ ഖനനത്തിന്റെ സാധ്യത പരിശോധിക്കും. |
| (ബി) ഖനനം സ്വകാര്യ മേഖലയ്ക്ക് തുറന്നു കൊടുക്കുന്ന കാര്യത്തിൽ നിയന്ത്രണം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) കാർഷിക-പാരിസ്ഥിതിക മേഖലകൾക്ക് ദോഷമുണ്ടാക്കാനിടയുള്ള തരത്തിൽ ചെളി പ്രദേശങ്ങളിൽ ഖനന പ്രവർത്തനങ്ങൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ? | (സി) പുതിയ ഖനനാനുമതികൾക്ക് പാരിസ്ഥിതി കാനുമതി നിർബന്ധമാണ്. അതിനാൽ കാർഷിക പാരിസ്ഥിതിക മേഖലകൾക്ക് ദോഷമുണ്ടാകാനിടയുള്ള ചെളി പ്രദേശങ്ങളിൽ ഖനനാനുമതി ലഭിക്കാനുള്ള സാദ്ധ്യത കുറവാണ്. |

സെക്ഷൻ ഓഫീസർ